Malappuram District Police

## 20/03/2018 മഞ്ചേരി

വെരിഫിക്കേഷനെന്നും മറ്റും പറഞ്ഞ് വിവിധ ബാങ്കുകളുടെ ഹെഡ് ഓഫീസുകളിൽ നിന്നെന്ന വ്യാജേന ഫോണിൽ വിളിച്ച് ATM കാർഡ് നമ്പറും OTP വിവരങ്ങളും ചോദിച്ചറിഞ്ഞ് പണം തട്ടുന്ന സംഘത്തിലെ സ്ത്രീയുൾപ്പെടെ രണ്ട് പേരെ മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തു.

ജാർഖണ്ഡ് ജാംതാര ജില്ലയിലെ കർമാതര് സ്വദേശികളായ ആശാദേവി (45 വയസ്സ്), ബദ്രി മണ്ടൽ (23 വയസ്സ്) എന്നിവരാണ് അറസ്റ്റിലായത്.

കഴിഞ്ഞ നവമ്പർ മാസമാണ് കേസിനാസ്പദമായ സംഭവം മഞ്ചേരി സ്വദേശിയായ യുവാവിനെ പ്രതികൾ വിളിച്ച് ATM നമ്പർ വിവരങ്ങള് ചോദിച്ചറിഞ്ഞ് നിങ്ങളുടെ ATM കാർഡ് ബ്ലോക്ക് ആയിട്ടുണ്ടെന്നും അത് അൺബ്ലോക്ക് ചെയ്യുന്നതിനായി ഇപ്പോൾ ഫോണിലേക്ക് വന്ന OTP പറഞ്ഞ് തരണമെന്നും ആവശ്യപ്പെട്ടത് വിശ്വസിച്ച പരാതിക്കാരൻ OTP പറഞ്ഞുകൊടുക്കുകയും അതോടെ പരാതിക്കാരന്റെ അക്കൌണ്ടിലെ ഒന്നര ലക്ഷം രൂപ നഷ്ടപ്പെടുകയുമായിരുന്നു.

ഈ കേസിന്റെ അന്വേഷണത്തിനായി മഞ്ചേരി ഇൻസ്പെക്ടര് എൻ.ബി. ഷൈജു, എസ്.ഐ റിയാസ് ചാക്കീരി, എൻ.എം. അബ്ദുല്ല ബാബു, എസ്.എ. മുഹമ്മദ് ഷാക്കിർ, കെ.വി. ഉണ്ണികൃഷ്ണൻ, പി. മുഹമ്മദ് സലീം, കെ. ജിജി, പി. നിഖില എന്നിവരടങ്ങുന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷന് ടീമിനെ നിയോഗിക്കുകയും അന്വേഷണത്തിൽ ജാർഖണ്ഡ് സംസ്ഥാനത്തിലെ ജാംതാര ജില്ലയില് നിന്നുള്ളവരാണ് ഈ തട്ടിപ്പ് നടത്തിയതെന്ന് വ്യക്തമാവുകയും ചെയ്തതോടെ ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം കഴിഞ്ഞ ജനുവരി മാസം പോലീസ് സംഘം ജാർഖണ്ഡിലെത്തിഅന്വേഷണം നടത്തിയെങ്കിലും അന്ന് പ്രതികൾ പോലീസ് സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് കടന്ന് കളഞ്ഞിരുന്നു. നക്സൽ ബാധിത പ്രദേശം കൂടിയാണെന്നതിനാൽ വെല്ലുവിളികളേറെയായിരുന്നു. ദേവ് ഗഡ് ജില്ലയിലെ സാറത്ത് എന്ന സ്ഥലത്ത് റൈഡ്

നടത്തുന്നതിനിടെ ജനക്കൂട്ടം ആക്രമിക്കാൻ തുനിഞ്ഞതിനാല് മുന്നോട്ടുള്ള നീക്കം തടസ്സപ്പെട്ടു. അന്ന് ഒരാഴ്ചയോളം പോലീസ് സ്ഥലത്ത് തങ്ങിയെങ്കിലും പ്രതികള് ഒളിവില് തുടർന്നതിനാല് പിടികൂടാനായില്ല.

പിന്നീട് മടങ്ങിയ പോലീസ് സംഘം കഴിഞ്ഞ ഇരുപത്തിനാലാം തിയ്യതി വീണ്ടും ജാർഖണ്ടിലെത്തി പ്രദേശത്ത് അതീവ രഹസ്യമായി നിരീക്ഷണം നടത്തുകയും പോലീസ് സാന്നിദ്ധ്യം തിരിച്ചറിഞ്ഞ പ്രതികൾ കടന്ന് കളയാന് ശ്രമിക്കുകയും എന്നാൽ സായുധ സേനയുൾപ്പെടുന്ന ലോക്കല് പോലീസ് ഒന്നിച്ച് ഗ്രാമം ഒന്നടങ്കം റൈഡ് ചെയ്തതിൽ ആശാ ദേവി പിടിയിലാകുകയും ചെയ്തു. ഇവരെ ചോദ്യം ചെയ്തതോടെ സംഘത്തിലെ അംഗമായ ബദ്രി മണ്ടലിനെ സംബന്ധിച്ച് സൂചനകൾ ലഭിക്കുകയും ഇയാളെ സമാനമായ കേസിൽ ജാർഖണ്ട് പോലീസിന് ആവശ്യമുള്ളതിനാല് ജാർഖണ്ഡ് ജയിലിൽ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. ഇയാളെ വൈകാതെ കേരളത്തിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേസിലുൾപ്പെട്ട ദീപക് മണ്ടല്, ബദ്രി മണ്ടല്, മഹേഷ് മണ്ടൽ, സപ്നാ ദേവി, ആശാദേവി എന്നിവരെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഒളിവിലുള്ള പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരികയാണ്.